2. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി :

വനിതാ ജീവനക്കാർക്ക് വാടകയ്ക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി കേന്ദ്ര സർക്കാർ ഗ്രാന്റും കേരള സർക്കാരിന്റെ വിഹിതവും ബോർഡ് ഫണ്ടും ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

1. കാസർഗോഡ് ജില്ലയിൽ മാഥൂറിൽ (109 കിടക്കകളുള്ള) WWH പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

2. കൂടാതെ കോട്ടയത്ത് ഗാന്ധിനഗറിലും (139 കിടക്കകൾ), വയനാട് ജില്ലയിൽ മാനന്തവാടിയിലും (169 കിടക്കകൾ) WWH പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന് പ്രീ ഫാബ് സാങ്കേതികവിദ്യ**

215 (2250) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രീ ഫാബ് സാങ്കേതികവിദ്യ (Pre fab technology) ജനകീയമാക്കുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ;

(ബി) ഡോ. ലാറി ബേക്കറുടെ കെട്ടിടനിർമ്മാണ സാങ്കേതിക വിദ്യ അവലംബിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രശസ്ത വാസ്തുശിൽപ്പി പത്മശ്രീ ലാറി ബേക്കർ അവലംബിച്ച ചെലവ് കുറഞ്ഞതും പ്രകൃതിക്ക് ഇണങ്ങിയതുമായ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന 1989 മുതൽ പ്രചരിപ്പിക്കുകയും പ്രവർത്തികമാക്കിയിട്ടുള്ളതുമാണ്. ഇത് കൂടാതെ അദ്ദേഹത്തിന്റെ സ്മരണാർത്ഥം ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എടുക്കുന്നതിനും, ഗവേഷണം നടത്തുന്നതിനുമായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇതിനായി തിരുവല്ലം വാഴമുട്ടത്ത് 6.94 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ സാങ്കേതിക വിദ്യാർത്ഥികൾക്കും മറ്റ് ഉദ്യോഗസ്ഥർക്കും വിവിധ പരിശീലന പരിപാടികൾ നടന്നുവരുന്നു.

**ഗൃഹശ്രീ പദ്ധതി**

216 (2251) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൃഹശ്രീ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതിവഴി ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/ താഴ്ന്ന വരുമാന വിഭാഗ (LIG)ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ./കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും തിരിച്ചടവില്ലാത്ത പദ്ധതിയായതിനാൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ച് നടപ്പിലാക്കുന്ന ടി പദ്ധതി പ്രകാരം കഴിഞ്ഞ 3 വർഷം കൊണ്ട് ഏകദേശം 2,700 ഓളം ഭവനരഹിതർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly